കൊടുക്കുന്നുണ്ട്. ഫ ഠ ശ്രീപാ സ്റ്റൈപ്പെൻഡും ഫ ശ്രീപാ ഡോബി അലവൻസും ഫ ഠ ശ്രീപാ ഡീയർനസ്സ് അലവൻസും കൊടുക്കുന്നുണ്ട്. കൊച്ചിയിൽ സ്റ്റൈപ്പെൻഡ് കൊടുത്തും കൊടുക്കാതേയും പഠിപ്പിക്കുന്ന എട്ടുപ്പാടുണ്ടായിരുന്നു. ആദ്യത്തെ കൊല്ലത്തിൽ പഠിക്കുന്നവക്ക് സ്റ്റൈപ്പെൻഡ് കൊടുക്കുന്നില്ല. കൊച്ചി വിഭാഗത്തിൽ ഈയാണ്ടിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെൻഡ് നൽകുന്നതല്ലെന്നുള്ള വ്യവസ്ഥയിലാണ് എറണാകുളത്തു് ക്ലാസ്സ് അനുവദിച്ചതു്.

ശ്രീ. അലക്സാണ്ടർ വാകയിൽ : തിരുവനന്തപുരത്തു ആദ്യത്തെ കൊല്ലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെൻഡ് കൊടുക്കുന്നതും എറണാകുളത്തു ആദ്യത്തെ കൊല്ലത്തിൽ പഠിക്കുന്നവക്ക് സ്റ്റൈപ്പെൻഡ് കൊടുക്കാതിരിക്കുന്നതും അനീതിയല്ലേ ?

ശ്രീ. സി. കേശവൻ : തിരുവനന്തപുരത്തുമാത്രമെ ക്ലാസ്സ് തുടങ്ങാൻ ഈയാണ്ടത്തെ ബഡ്ജറ്റിൽ പ്രൊവിഷൻ ഉള്ളൂ. അതനുസരിച്ചു ഇവിടെ കൊടുത്തു വരുന്നു. എന്നാൽ കൊച്ചിയിൽനിന്നും സ്റ്റൈപ്പെൻഡ് കൂടാതെ പഠിക്കാമെന്നുള്ള അപേക്ഷകൾ വന്നതനുസരിച്ചു അങ്ങനെയുള്ള പ്രത്യേക വ്യവസ്ഥയിൽ ക്ലാസ്സ് തുടങ്ങിയതുകൊണ്ടു ഇപ്പോൾ സ്റ്റൈപ്പെൻഡ് കൊടുക്കുന്നില്ല.

ശ്രീ. എം. വക്കി : എറണാകുളത്തു എടുത്തിരിക്കുന്ന കുട്ടികൾക്ക് അവരുടെ ധനസ്ഥിതി അനുസരിച്ചു അതിനുള്ള കഴിവു ഇല്ലെന്നറിയാമോ ?

ശ്രീ. സി. കേശവൻ : അവിടെനിന്നും വന്ന അപേക്ഷകൾ ക്രിസ്ത്യൻ സാമ്പനങ്ങളിൽനിന്നുമാണ് കൂടുതലായിട്ടുള്ളതു്. അവരിൽ കുട്ടികളുടെ ചെലവു യാതൊന്നും ഗവൺമെൻറിൽനിന്നും വഹിക്കേണ്ടതില്ലെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. അതനുസരിച്ചാണ് ഗവൺമെൻറ് ക്ലാസ്സ് അനുവദിച്ചതു്.

ശ്രീ. സി. വി. ഇയ്യു : നൺസ്സ് അല്ലാത്തവക്കും പണം കൊടുത്തു പഠിക്കാൻ നിവൃത്തിയില്ലാത്തവക്കും പഠിക്കുന്നതിലേക്കുവേണ്ടി തിരുവനന്തപുരത്തു സ്റ്റൈപ്പെൻറോടുകൂടി പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് പകുതിപേക്ക് അവിടെ സ്റ്റൈപ്പൻഡ് കൊടുക്കുകയും പകുതിപേക്ക് എറണാകുളത്തു പഠിക്കുന്നവക്കും കൊടുത്തു തിരുവിതാംകൂർ–കൊച്ചി എന്നുള്ള ഒരു വിഭാഗീയമനസ്ഥിതി ഇല്ലാതാക്കരുതേ ?

Mr. Speaker : It is a suggestion for action, and is disallowed.

ശ്രീ. എ. പി. ഉദയഭാനു : തിരുവനന്തപുരത്തു നടത്തുന്ന നേഴ്സസ്സ് സ്കൂളിലും കൊച്ചിവിഭാഗത്തുള്ള വിദ്യാർത്ഥിനികൾ പഠിക്കുന്നില്ലേ ?

ശ്രീ. സി. കേശവൻ : ഈ സെലക്ഷൻ നടത്തിയതു് അഡ്വർടൈസ് ചെയ്തതിനുശേഷമാണു്. അതുകൊണ്ടു് ഉണ്ടായിരിക്കാം. അതു തിരുവിതാംകൂറിലേക്കു മാത്രമല്ല തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ ആവശ്യത്തിലേക്കാണു്.

എലക്ട്രിക്ക് ലൈൻ

*൯൩. (൨൩) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വടക്കൻ പറവൂർ പട്ടണത്തിൻറെ തെക്കുഭാഗത്തുനിന്നു കോട്ടുവള്ളിവഴി വരാപ്പുഴയ്ക്കു് എലക്ട്രിക്ക് ലൈൻ നീട്ടുന്നതിനു് എത്ര സംഖ്യയാണു് കൊള്ളിച്ചിരിക്കുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര സംഖ്യ ചെലവാക്കി;

(സി) പണി എത്രകണ്ട് പുരോഗമിച്ചു ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) 9,000 രൂപാ.

(ബി) മുഴുവൻ ചെലവാക്കിയിട്ടില്ല.

(സി) മൈൻ സപ്പ് പൂർത്തിയായി, ജോലി തുടർന്ന് തുടങ്ങുന്നതാണ്. (ഈ സാമ്പത്തികവർഷത്തിൽതന്നെ ജോലി പൂർത്തിയാക്കപ്പെടും.)

കടലാക്രമണം

*ഫ 000. (ചോ ർ) ശ്രീ. ജോസഫ് മാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേർത്തല താലൂക്കിൽ പള്ളിത്തോട് പ്രദേശത്ത് കടലാക്രമണമുണ്ടായതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവിടെ ഗ്രോയിൻ കെട്ടുന്നതിനു് എന്തെങ്കിലും നടപടി ഇതിനകം എടുത്തിട്ടുണ്ടോ;

(സി) ഇക്കൊല്ലംതന്നെ ഗ്രോയിൻ കെട്ടാത്തപക്ഷം ഈ പ്രദേശം കടലാക്രമണംമൂലം അടുത്ത ഏതാനും കൊല്ലങ്ങൾകൊണ്ട് പാടെ നശിച്ചുപോകുമെന്നു ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഉണ്ട്.

(ബി) അതിനെ സംബന്ധിച്ചു നടപടികൾ എടുത്തുവരുന്നുണ്ട്.

(സി) അറിയിച്ചിട്ടുണ്ട്.

ശ്രീ. പൌലോസ് പൈലി: വടക്കൻ താലൂക്കിലല്ലാതെ രാജ്യത്തിന്റെ മറ്റു പല ഭാഗങ്ങളിലും കടലാക്രമണം ഉണ്ടായതിനു് ഗവൺമെൻറ് എന്തെങ്കിലും പ്രതിവിധി ചെയ്യുകയുണ്ടായോ ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അപ്രകാരം ചെയ്യുന്നതിനു എന്തെങ്കിലും സ്കീം ഉണ്ടോ എന്നു് ഇപ്പോൾ പറയുവാൻ സാധ്യമല്ല.

മത്സ്യത്തൊഴിലാളികൾക്ക് നൽവിതരണം

*ഫ 001. (ചോ ർ) ശ്രീ. ജോസഫ് മാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് ആവശ്യത്തിനുവേണ്ടിടത്തോളം നൽ ഇന്നു ലഭിക്കുന്നില്ലെന്നുള്ള വിവരം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു് ?

ധനകാര്യവും ക്ഷീരവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഉണ്ട്.

(ബി) മത്സ്യവ്യവസായികൾക്ക് ആവശ്യത്തിനു് നൽ ക്ലൃപ്തമായി തരുന്നതിനു് ബാംബെ ടെക്സ്റ്റയിൽ കമ്മീഷണർക്ക് നിവേദനങ്ങൾ നടത്തിയിട്ടുണ്ട്. അവയ്ക്കു മറുപടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ജോസഫ് മാത്തൻ: മത്സ്യവ്യവസായികൾക്കു നൽ വിതരണം നടത്തുന്നതു് ഫിഷറി ഡിപ്പാർട്ട്മെണ്ടുവഴിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly